# Athmaraksha.org

ലേഖനം - കുടുംബം,സമാധാനം,സന്തോഷം, കരുണ

## ഈ കരുണയുടെ വർഷം എന്തിനുവേണ്ടിയാണ്?



"കരുണ സുവിശേഷത്തിന്റെ അന്തഃസത്തയും ക്രിസ്തീയ ജീവിതത്തിന്റെ താക്കോലും" എന്ന പുസ്തകത്തിന്റെ കർത്താവായ ജർമൻ കർദ്ദിനാൾ വാൾട്ടർ കാസ്പറി-ന്റെ അഭിപ്രായത്തിൽ ദൈവത്തിന്റെ കരുണയാണ് യേശുക്രിസ്തുവിന്റെ സന്ദേശത്തിന്റെ കാതൽ. നമ്മുടെ ചർച്ചകളുടെയും ധ്യാനത്തിന്റെയും പ്രവർത്തനങ്ങളുടെയു മെല്ലാം അടിസ്ഥാനമാകേണ്ടത് ഈ കരുണയാണ്. കരുണയുടെ ഉപകരണങ്ങളാകുകയെന്നതാണ് ഒരു ക്രസ്ത്യാനിയുടെ കടമ. കരുണയിൽ സമ്പന്നനായ ദൈവത്തിന്റെ മുഖം നമ്മുടെ മുഖത്ത് പ്രകാശിക്കപ്പെടണം. കരുണയുടെ മാനുഷിക മുഖമായ യേശുക്രിസ്തു നമ്മുടെ പ്രവർത്തനങ്ങളുടെയും ജീവിതത്തിന്റെയും മാതൃകയാകണം.

നാം തിരിച്ചറിയേണ്ട കാര്യം ദൈവത്തിന്റെ മുഖം കരുണയുടേതാണ് എന്നാണ്. കരുണ ദൈവത്തിന്റെ മുഖമുദ്രയാണ്. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തുവാണ് ദൈവത്തിന്റെ കരുണയുടെ മുഖം. ഈ മുഖമാകണം നമ്മുടെ ഓരോരുത്തരുടേതും. നമ്മുടെ കണ്ണുകളും കാതുകളും പാദങ്ങളും അധരങ്ങളും നാവും ഹൃദയവും എല്ലാം കരുണകൊണ്ട് നിറയുമ്പോൾ കരുണയുടെ വർഷത്തിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടും.

ദൈവത്തിന്റെ കരുണയെപ്പറ്റി ശക്തമായി പ്രഘോഷിക്കുന്ന, ജീവിക്കുന്ന പാപ്പായാണ് ഫ്രാൻസിസ് പാപ്പാ. 2013-ൽ അദ്ദേഹം നടത്തിയ നാല് പ്രസംഗങ്ങളിൽ കരുണയെപ്പറ്റി അതിശക്തമായി അദ്ദേഹം പറയുന്നു.

1."ഒരു വശത്ത് ഈശോയെ ശ്രവിക്കാൻ ആഗ്രഹിക്കുകയും മറുവശത്ത് ചിലപ്പോഴെല്ലാം ഒരു വടി കണ്ടെടുത്ത് മറ്റുള്ളവരെ അടിക്കാനും വിധിക്കാനും ആഗ്രഹിക്കുന്നവരാണ് നാം. കരുണയാണ് യേശുക്രിസ്തു നമുക്ക് നൽകുന്ന സന്ദേശം. എല്ലാ എളിമയോടുംകൂടി ഞാൻ പറയുന്നു: കരുണയാണ് കർത്താവിന്റെ ഏറ്റവും കരുത്തുറ്റ സന്ദേശം." (2013 മാർച്ച് 17).

2."ദൈവത്തിന്റെ കരുണയ്ക്ക് ഏറ്റവും വരണ്ട ഭൂമിയെപ്പോലും പൂന്തോട്ടമാക്കി മാറ്റാൻ കഴിയും ഉണങ്ങിയ അസ്ഥികൾക്ക് ജീവൻ നൽകാൻ ദൈവത്തിന്റെ കരുണയ്ക്ക് കഴിയും (എസെ.

37:1-14). ദൈവത്തിന്റെ കരുണയാൽ നമുക്ക് നവീകരിക്കപ്പെടാം. നമുക്ക് യേശുക്രിസ്തുവിനാൽ സ്നേഹിക്കപ്പെടാം. അവിടുത്തെ സ്നേഹത്തിന്റെ ശക്തി നമ്മെ രൂപാന്തരപ്പെടുത്താൻ അതിനെ നമുക്ക് ശക്തിപ്പെടുത്താം. നമുക്ക് ഈ കരുണയുടെ ഏജന്റുമാരാകാം. ദൈവത്തിന് ഭൂമി നനയ്ക്കാനുള്ള വെള്ളത്തിന്റെ കനാലുകളാകാം. സൃഷ്ടിയെ സംരക്ഷിക്കാനും നീതിയും സമാധാനവും വളർത്താനും നമുക്ക് ദൈവത്തിന്റെ സേവകരാകാം."(2013 മാർച്ച് 31).

3."തോമസ് അപ്പസ്തോലൻ ദൈവകരുണ അനുഭവിച്ചു.'ഞങ്ങൾ കർത്താവിനെ കണ്ടു' എന്ന് മറ്റ് അപ്പസ്തോലന്മാർ പറഞ്ഞപ്പോൾ അദ്ദേഹം അത് വിശ്വസിച്ചില്ല. എന്നാൽ എങ്ങനെയാണ് യേശുക്രിസ്തു പ്രതികരിക്കുന്നത്? ക്ഷമയോടെ. തോമസിന്റെ വാശിപിടിച്ച അവിശ്വാസത്തിൽ യേശു അയാളെ കൈവെടിയുന്നില്ല. കതകടയ്ക്കുന്നുമില്ല. അവിടുന്ന് തോമസിനായി കാത്തിരിക്കുന്നു. തോമസ് തന്റെ വിശ്വാസ ദാരിദ്ര്യം അംഗീകരിച്ചുകൊണ്ട് 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന ലളിതമായ, വിശ്വാസം നിറഞ്ഞ അഭിസംബോധനയിലൂടെ യേശുവിന്റെ ക്ഷമയ്ക്ക് മറുപടി പറയുന്നു. തന്നെതന്നെ ദൈവകരുണയാൽ മൂടപ്പെടാൻ ആഗ്രഹിക്കുന്നു. തന്റെ കൺമുമ്പിൽ, കർത്താവിന്റെ കരങ്ങളിലെയും പാദങ്ങളിലെയും പാർശ്വത്തിലെയും മുറിവുകളിൽ അവിടുത്തെ കരുണ കാണുകയും വിശ്വാസം കണ്ടെത്തുകയും ചെയ്യുന്നു."(2013 മാർച്ച് 7).

4."എന്റെ സ്വന്തം ജീവിതത്തിൽ, മിക്കപ്പോഴും ഞാൻ ദൈവത്തിന്റെ കരുണാർദ്രമായ മുഖവും അവിടുത്തെ ക്ഷമയും കണ്ടിട്ടുണ്ട്. അതുപോലെ ധാരാളംപേർ യേശുവിന്റെ മുറിവുകളിൽ പ്രവേശിക്കാൻ ധൈര്യം കാണിക്കുന്നതും ഞാൻ കണ്ടിട്ടുണ്ട്. അവർ അവിടുത്തോട് പറഞ്ഞു: കർത്താവേ, ഞാനിതാ ഇവിടെയുണ്ട്. എന്റെ ദാരിദ്ര്യം സ്വീകരിക്കണമേ. എന്റെ പാപങ്ങൾ അങ്ങയുടെ തിരുമുറിവുകളിൽ മറച്ചുകളയണമേ. അവ അങ്ങയുടെ രക്തത്തിൽ കഴുകിക്കളയണമേ. ദൈവം അങ്ങനെ ചെയ്യുതായി ഞാൻ കണ്ടിട്ടുണ്ട്. അവിടുന്ന് അവരെ സ്വീകരിച്ചു, ആശ്വസിപ്പിച്ചു, വിശുദ്ധീകരിച്ചു, സ്നേഹിച്ചു" (2013 ഏപ്രിൽ 7).

കരുണയുടെ വർഷം പ്രഖ്യാപിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ നൽകിയ 'കരുണയുടെ മുഖം' എന്ന ബൂള കരുണയെപ്പറ്റിയുള്ള കരുത്തുറ്റ ലേഖനമാണ്. ഈ ബൂളയിൽനിന്നും കരുണയെപ്പറ്റിയുള്ള ആശയങ്ങളിൽ ചിലത് കുറിക്കുകയാണ്. യേശു പിതാവിന്റെ കരുണയുടെ മുഖമാണ്. ക്രിസ്തീയ വിശ്വാസരഹസ്യത്തെ ചുരുക്കിപ്പറയുകയാണ് ഈ വാക്കുകൾ. കരുണയിൽ സമ്പന്നനായ പിതാവിന്റെ യഥാർത്ഥ മുഖമാണ് യേശുക്രിസ്തു. യേശുവിനെ കാണുന്നവൻ പിതാവിനെ കാണുന്നു. (യോഹ. 14:9). യേശു തന്റെ വാക്കുകളിലൂടെ, പ്രവൃത്തികളിലൂടെ, തന്റെ മുഴുവൻ വ്യക്തിത്തത്തിലൂടെയും ദൈവകരുണ വെളിപ്പെടുത്തുന്നു.

നമ്മുടെ കർത്താവ് നമുക്ക് നൽകിയ സുവിശേഷത്തിന്റെ വെളിച്ചത്തിൽ നാം ചോദിക്കേണ്ട ചില ചോദ്യങ്ങൾ പരിശുദ്ധ പിതാവ് നൽകുന്നു. ഈ ചോദ്യങ്ങൾ ധ്യാനിക്കണം. വിശക്കുന്നവരെ തീറ്റിയിട്ടുണ്ടോ? ദാഹിക്കുന്നവരെ കുടിപ്പിച്ചിട്ടുണ്ടോ? നഗ്നരെ ഉടുപ്പിച്ചിട്ടുണ്ടോ? രോഗികളോടും തടവിലാക്കപ്പെട്ടവരോടുമൊപ്പം സമയം ചിലവഴിച്ചിട്ടുണ്ടോ? നിരാശയിലേക്കും നിസഹായതയിലേക്കും നയിക്കുന്ന സംശയത്തെ മാറ്റിക്കൊടുക്കാൻ മറ്റുള്ളവരെ സഹായിച്ചിട്ടുണ്ടോ? ദശലക്ഷക്കണക്കിന് ആളുകൾ അജ്ഞതയിൽ ജീവിക്കുന്നു. അതുപോലെ ദാരിദ്ര്യത്തിന്റെ പിടിയിൽ നി ന്നും രക്ഷപ്പെടാൻ നിവൃത്തിയില്ലാത്ത കുട്ടികളുണ്ട്. അവരെ അജ്ഞതയിൽനിന്നും ദാരിദ്ര്യത്തിൽനിന്നും രക്ഷപ്പെടാൻ നാം സഹായിച്ചിട്ടുണ്ടോ? അക്രമത്തിലേക്ക് നയിക്കുന്ന കോപവും വിദ്വേഷവും നാം ഉപേക്ഷിച്ചിട്ടുണ്ടോ? നമ്മോട് ക്ഷമകാണിക്കുന്ന ദൈവത്തിന്റെ ക്ഷമ നമുക്കുണ്ടോ? നമ്മുടെ സഹോദരീ സഹോദരന്മാർക്കുവേണ്ടി നാം കർത്താവിനോട് പ്രാർത്ഥിച്ചിട്ടുണ്ടോ? ഈ ചെറിയവരിലെല്ലാം കർത്താവ് സന്നിഹിതനാണ്. അവിടുത്തെ ശരീരം പീഡിപ്പിക്കപ്പെടുന്നവന്റെ ശരീരത്തിലാണ്. അവരെ നാം അംഗീകരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം.

ദൈവകാരുണ്യത്തിന്റെ പ്രേഷിതയായ വിശുദ്ധ ഫൗസ്റ്റീന പഠിപ്പിച്ച മനോഹരമായ

പ്രാർത്ഥന കരുണയുടെ വർഷത്തിൽ സ്വന്തമാക്കാം. ഓരോ ദിവസവും പ്രാർത്ഥിക്കാം. കരുണയുടെ വ്യക്തിത്വം സ്വീകരിച്ച് കരുണയുടെ ഉപകരണങ്ങളാ കാൻ ഈ പ്രാർത്ഥന നമ്മെ സഹായിക്കും.

''എന്റെ കർത്താവേ, എന്റെ കണ്ണുകളെ കരുണയുടേതാക്കണമേ. അതുവഴി ആരെയും സംശയദൃഷ്ടിയോടെ നോക്കാതിരിക്കുവാൻ പുറംമോടികണ്ട് വിധിക്കാതിരിക്കാൻ ഇടയാക്കണമേ. എന്റെ അയൽക്കാരുടെ ആത്മാവിലെ സൗന്ദര്യം ദർശിക്കുവാനും അവർക്ക് സഹായം ചെയ്തുകൊടുക്കുവാനും എന്നെ അനുഗ്രഹിക്കണമേ. എന്റെ കാതുകളെ കരുണയുടേതാക്കണമേ. അതുവഴി എന്റെ അയൽക്കാരുടെ ആവശ്യങ്ങളിൽ ശ്രദ്ധിക്കുവാനും അവരുടെ വേദനകളിലും പരാതികളിലും നിസ്സംഗത പുലർത്താതിരിക്കുവാൻ എന്നെ സഹായിക്കണമേ. എന്റെ നാവ് കരുണയുടേതാക്കണമേ. എന്റെ സഹോദരങ്ങളെപ്പറ്റി ഒരിക്കലും തിന്മ പറയാതിരിക്കാൻ, മാപ്പിന്റെയും സാന്ത്വനത്തിന്റെയും വാക്കുകൾ പറയുവാൻ സഹായിക്കണമേ.

എന്റെ കരങ്ങളെ കരുണയുള്ളതും നിറയെ നന്മപ്രവൃത്തികളുടേതും ആക്കണമേ. എന്റെ പാദങ്ങൾ കരുണയുടേതാക്കണമേ. എന്റെ ആകുലതകളും വിഷമങ്ങളും മറന്ന് എന്റെ അയൽക്കാരെ സഹായിക്കുന്നതിന് തിടുക്കത്തിൽ എത്തുവാൻ എനിക്കിടയാകട്ടെ. എന്റെ ഹൃദയം കരുണയുടേതാക്കണമേ. അതുവഴി എന്റെ അയൽക്കാരുടെ സഹനങ്ങൾ പങ്കുവയ്ക്കുവാൻ എന്നെ അനുഗ്രഹിക്കണമേ.

കടപ്പാട്: സൺഡേ ശാലോം
ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ